"ഭരണഭാഷ- മാതൃഭാ

167172/20
21/08/20

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന - ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, പ്രിൻസിപ്പാൾ ക്ലാസ്സ്-1 തസ്തികകളിലേയ്ക്കുള്ള സ്ഥലംമാറ്റ / സ്ഥാനക്കയറ്റ നിയമനങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(സാധാ) നം.825/2020/തൊഴില്** തീയതി,തിരുവനന്തപുരം, 21/08/2020

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 18.08.2020-ലെ ഡിടി/1394/2019-എ6 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ട്രെയിനിംഗ് ഡയറക്ടറുടെ പരാമർശിത കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥലംമാറ്റ / സ്ഥാനക്കയറ്റ നിയമനങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) വ്യാവസായിക പരിശീലന വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ജോയിൻറ് ഡയറക്ടർ തസ്തികയിലെ ഒഴിവിൽ ടി തസ്തികയിലെ നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ ഒന്നും നിലവിൽ വ്യാവസായിക പരിശീലന വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) തസ്തികയിൽ സേവനത്തിലുള്ളതുമായ ശ്രീ.എം.എസ്.നഹാസിനെ 77400-115200 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു.

2) ശ്രീ.എം.എസ്.നഹാസിന് സ്ഥാനക്കയറ്റം നൽകുന്നതിലൂടെ വ്യാവസായിക പരിശീലന വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിൽ, ആസ്ഥാന കാര്യാലയത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) തസ്തികയിൽ സേവനത്തിലുള്ള ശ്രീമതി.ജെ.സുജാതയെ മാറ്റി നിയമിക്കുന്നു.

3) വ്യാവസായിക പരിശീലന വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസർ തസ്തികയിലെ ഒഴിവിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ ഒന്നും നിലവിൽ പാലക്കാട് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയിൽ സേവനത്തിലുള്ളതുമായ ശ്രീ.സി.വി.ഷാജിയെ 68700-110400 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു.

4) ശ്രീമതി.ജെ.സുജാതയെ സ്ഥലം മാറ്റുന്നതിലൂടെ ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിൽ ടി തസ്തികയിലെ നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ രണ്ടും നിലവിൽ എറണാകുളം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയിൽ സേവനത്തിലുള്ളതുമായ ശ്രീമതി.സ്റ്റാറി പോളിനെ 68700-110400 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു.

5) ശ്രീ.സി.വി.ഷാജിയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിലൂടെ പാലക്കാട് ഇൻസ്പെക്ടർ ഓഫ്

ട്രെയിനിംഗ് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിൽ ടി തസ്തികയിലെ നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ ആറും നിലവിൽ കാസറഗോഡ് ഐടിഐ.യിൽ പ്രിൻസിപ്പാൾ ക്ലാസ്-1 തസ്തികയിൽ സേവനത്തിലുള്ളതുമായ ശ്രീ.സാംരാജ്.എം.എഫ്-നെ 45800-89000 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു.

6) കയ്യൂർ ഐ.ടി.ഐ.യിലെ പ്രിൻസിപ്പാൾ ക്ലാസ്-1 തസ്തികയിൽ സേവനത്തിലുള്ള ശ്രീ.ജയൻജോണിനെ, ശ്രീ.സാംരാജ്.എം.എഫ്-ന് സ്ഥാനക്കയറ്റം നൽകുന്നതിലൂടെ കാസറഗോഡ് ഐ.ടി.ഐ.യിൽ നിലവിൽ വരുന്ന പ്രിൻസിപ്പാൾ ക്ലാസ്-1 ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

7) കയ്യൂർ ഐ.ടി.ഐ.യിലെ പ്രിൻസിപ്പാൾ ക്ലാസ്-1 തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിൽ, ടി തസ്തികയിലെ നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ ഒന്നും നിലവിൽ പന്ന്യന്നൂർ ഗവൺമെൻറ് ഐ.ടി.ഐ പ്രിൻസിപ്പാൾ ക്ലാസ്-2 തസ്തികയിൽ സേവനത്തിലുള്ളതുമായ ശ്രീ.ടി.മനോജ് കുമാറിനെ 45800-89000 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു.

8) കൊല്ലം ജില്ലയിൽ ചന്ദനത്തോപ്പ് ഐ.ടി.ഐ യിലെ പ്രിൻസിപ്പാൾ ക്ലാസ്-1 തസ്തികയിലെ നിലവിലെ ഒഴിവിൽ, ടി തസ്തികയിലെ നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ രണ്ടും നിലവിൽ വെള്ളമുണ്ട ഗവൺമെൻറ് ഐ.ടി.ഐ പ്രിൻസിപ്പാൾ ക്ലാസ്-2 തസ്തികയിൽ സേവനത്തിലുള്ളതുമായ ശ്രീ.ജി.സുരേഷിനെ 45800-89000 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിഷ എസ്**

**അഡിഷണൽ സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ-മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by BINDUMOL THOMAS
Date: 2020.0?.?1 13:27:08 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

**കീഴെഴുത്ത് നമ്പർ DT/1394/2019-എ 6, തീയതി 21/08/2020**

21.08.2020-ലെ സ.ഉ.(സാധാ) നം.825/2020/തൊഴിൽ നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം സ്ഥലമാറ്റവും സ്ഥാനക്കയറ്റവും ലഭിച്ച ജീവനക്കാർ അടിയന്തിരമായി പുതിയ തസ്തികകളിൽ ചുമതല ഏറ്റെടുക്കേണ്ടതാണ് .ശ്രീമതി സ്റ്റാറി പോൾ എറണാകുളം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയിൽ നിന്നും വിടുതൽ ചെയ്യുമ്പോൾ ടി ചുമതല കളമശ്ശേരി ഐടിഐ പ്രിൻസിപ്പാളിനും വെള്ളമുണ്ട ഐടിഐ -ലെ പ്രിൻസിപ്പാൾ ക്ലാസ്-2 തസ്തികയിൽ നിന്നും ശ്രീ ജി സുരേഷ് വിടുതൽ ചെയ്യുമ്പോൾ വെള്ളമുണ്ട ഐടിഐ-ലെ പ്രിൻസിപ്പാൾ ക്ലാസ്-2 തസ്തികയുടെ ചുമതല നെന്മേനി ഐടിഐ-ലെ പ്രിൻസിപ്പാൾ ക്ലാസ്-2-വിനും പന്ന്യന്നൂർ ഐടിഐ-ലെ പ്രിൻസിപ്പാൾ ക്ലാസ്-2 തസ്തികയിൽ നിന്നും ശ്രീ ടി മനോജ്കുമാർ വിടുതൽ ചെയ്യുമ്പോൾ പന്ന്യന്നൂർ ഐടിഐ-ലെ പ്രിൻസിപ്പാൾ ക്ലാസ് -2 തസ്തികയുടെ ചുമതല പിണറായി ഐടിഐ-ലെ പ്രിൻസിപ്പാൾ ക്ലാസ്-2-വിനും കൈമാറേണ്ടതാണ് .മേൽപ്പറഞ്ഞ ചുമതലകൾ ഏറ്റെടുത്ത് ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താക്കൾ : സ്ഥാനക്കയറ്റം /സ്ഥലമാറ്റം ലഭിച്ച ജീവനക്കാർ /പ്രിൻസിപ്പാൾ ഐടിഐ നെന്മേനി & പിണറായി ,വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികളും ,ആസ്ഥാന കാര്യാലയത്തിലെ യുണിറ്റ് ഓഫീസർമാർ ,സെക്ഷൻ സുപ്രണ്ടുമാർ , വകുപ്പ് വെബ്സൈറ്റ്